# 'നല്ല ദിനങ്ങൾ' വരവായി.....

സുഹൃത്തുക്കളെ,

കേരളത്തിന് ശാപമായി മാറിയ ഉമ്മൻചാണ്ടി സർക്കാർ അതിന്റെ അനിവാര്യമായ പതനത്തിലേക്ക് നീങ്ങുകയാണ്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ദുർഗന്ധപൂരിതമായ ഒരു മന്ത്രിസഭയെന്ന നിലയ്ക്ക് ന്യായമായും ലഭിക്കേണ്ട ശിക്ഷയാണ് ഇപ്പോൾ അവർക്ക് ലഭിച്ചിട്ടുള്ളത്. ഞെട്ടിപ്പിക്കുന്ന ഖജനാവ് കൊള്ളയും സമൂഹ മനഃസാക്ഷിയെ പിടിച്ചുലച്ച അധാർമ്മിക പ്രവർത്തനങ്ങളും അഴിമതിയുടെ കൂത്തരങ്ങായി മാറിയിട്ടുള്ള ഭരണ സംവിധാനങ്ങളും മുഖമുദ്രയാക്കിയിട്ടുള്ള ഈ സർക്കാർ ജനകീയകോടതിക്കു മുന്നിൽ വിറങ്ങലിച്ചു നിൽക്കുകയാണ്. സ്വേച്ഛാധിപത്യ പ്രമത്തതയും അധികാര ദുർവിനിയോഗവും സ്വജനപക്ഷപാതിത്വവും ഭരണയന്ത്ര ദുരുപയോഗവും തിമിർത്താടിയ ഇതുപോലൊരു ഘട്ടം കേരളത്തിന്റെ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ല. കേരളത്തിന്റെ നന്മകളെല്ലാം തച്ചുതകർത്ത നാലരവർഷത്തെ ജീർണ്ണഭരണത്തിന് ജനങ്ങൾ നൽകിയ പ്രഹരം സമാനതകളില്ലാത്തതാണ്. ജനകീയകോടതി വിധിക്കു പിന്നിലെ കേരളത്തിലെ പരമോന്നത നീതിപീഠം നൽകിയ പ്രഹരവും സർക്കാരിന്റെ നിലനിൽപ്പ് ചോദ്യം ചെയ്യുന്നതാണ്.

കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ ശ്രമഫലമായി കേരളത്തിൽ കൈവന്ന തൊഴിൽ സുരക്ഷിതത്വവും മെച്ചപ്പെട്ട സാമൂഹ്യ സാഹചര്യവും തച്ചുതകർത്ത ഉമ്മൻചാണ്ടി സർക്കാരിനെതിരെയുള്ള ജനകീയ കോടതിയുടെ കുറ്റപത്രമാണ് കേരളത്തിലുടനീളം ദൃശ്യമായത്. 'സെമി'യിൽ ദയനീയമായി പരാജയപ്പെട്ട സാഹചര്യത്തിൽ 'ഫൈനലിൽ' 'കളിക്കാൻ' പോലും കഴിയില്ലെന്ന യാഥാർത്ഥ്യമാണ് ഇക്കൂട്ടരെ തുറിച്ചുനോക്കുന്നത്. പാളയത്തിൽ പട ആരംഭിച്ചു കഴിഞ്ഞു! 'സരിതയൂഥ'ത്തിൽ വട്ടം കറങ്ങിയ മന്ത്രിസഭയെ നെറികെട്ട നീക്കത്തിലൂടെ നിലനിർത്തി കേരളത്തിൽ പുതിയ കീഴ്‌വഴക്കം സൃഷ്ടിച്ചെങ്കിലും പയറ്റിയ ആയുധങ്ങളൊന്നും ക്യാപ്റ്റന് മതിയാവാത്ത വിധത്തിലാണ് കാര്യങ്ങളുടെ കിടപ്പ്. പാമോയിൽ, ടൈറ്റാനിയം, സൈൻബോർഡ്, സോളാർ, പാറ്റൂർ.... ഏറ്റവുമൊടുവിൽ ഇടിത്തീയായി വന്ന ജനരോഷത്തിന് മേൽ ഉരുകിയൊലിക്കാൻ പോകുകയാണ് കേരളത്തിലെ സർക്കാർ.

'രാജധർമ്മം' പാലിക്കാത്ത ഭരണാധികാരികളെ ജനം നിർദ്ദയം കൈകാര്യം ചെയ്യുന്ന കാഴ്ചയാണെങ്ങും. രാജ്യത്തെ ജനങ്ങളെ ഭിന്നിപ്പിച്ച് വർഗീയ ധ്രുവീകരണം വളർത്തി രാഷ്ട്രീയനേട്ടം കൊയ്യാമെന്ന ഛിദ്രശക്തികളുടെ കുത്സിത ശ്രമത്തിന് ബീഹാർ ജനത നൽകിയ മറുപടിയും ആവേശകരമാണ്. ബഹുഭൂരിപക്ഷം വരുന്ന രാജ്യത്തെ സാധാരണക്കാരെയും പിന്നോക്കക്കാരെയും ദളിതരെയും ന്യൂനപക്ഷവിഭാഗങ്ങളെയും ഭരണത്തിന്റെ ഹുങ്കിൽ വേട്ടയാടി ഇന്ത്യൻ മനഃസാക്ഷിയെ വിറങ്ങലിപ്പിച്ച സംഘപരിവാർ ശക്തികൾക്ക് കടിഞ്ഞാണിട്ട ബീഹാർ രാഷ്ട്രീയം രാജ്യത്ത് പുതിയ അലകളുയർത്തുമെന്ന കാര്യത്തിൽ സംശയമില്ല. രാജ്യം കത്തിയെരിയുമ്പോൾ പ്രജകൾക്ക് സംരക്ഷണമുറപ്പാക്കേണ്ട ഭരണാധികാരികൾ പുലർത്തുന്ന കുറ്റകരമായ മൗനത്തിന് ജനങ്ങൾ കടുത്ത ശിക്ഷയാണ് നൽകിയിരിക്കുന്നത്. സമൂഹ മനഃസാക്ഷിയെ നടുക്കിയ വർഗ്ഗീയ താണ്ഡവങ്ങൾക്കുനേരെ പ്രധാനമന്ത്രി പുലർത്തിയ നിസ്സംഗതയും അതിനോടുള്ള കേരള മുഖ്യമന്ത്രിയുടെ മൃദുസമീപനവും ഞെട്ടലോടെയാണ് പൊതുസമൂഹം നോക്കിക്കണ്ടത്. സമൂഹത്തെ വിഭജിക്കുന്ന ഛിദ്ര ശക്തികൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന നേരിന്റെ പതാകവാഹകരായ ഇടതുപക്ഷ ശക്തികളോടുള്ള കേരളത്തിന്റെ ഐക്യദാർഢ്യമാണ് ഇതിലൂടെ ആവർത്തിച്ചുറപ്പിക്കപ്പെടുന്നത്.

ശമ്പളപരിഷ്കരണമടക്കമുള്ള ജീവത്തായ വിഷയങ്ങളുയർത്തി അതിശക്തമായ പ്രക്ഷോഭത്തിലേക്ക് നമുക്ക് നീങ്ങേണ്ടതായിട്ടുണ്ട്. വെന്റിലേറ്ററിലായ സർക്കാരിൽ നിന്നും, നീതി പ്രതീക്ഷിക്കേണ്ടതില്ല. 'നല്ല ദിനങ്ങൾ' വാഗ്ദാനം ചെയ്ത ഭരണാധികാരികളിൽ നിന്നും ലഭിച്ച തിക്താനുഭവങ്ങളുടെ പൊള്ളലിൽ നിന്നും ജനം നൽകിയ തിരിച്ചടിയൊന്നും തിരിച്ചറിയുന്നവരല്ല ഈ ജനവിരുദ്ധ ശക്തികൾ. ജനകീയ വികാരങ്ങളും നീതിന്യായ പീഠങ്ങളുടെ ഇടപെടലുകളും തൃണവൽഗണിച്ച് ഭരണം നിലനിറുത്താൻ നടത്തിയ നെറികെട്ട നീക്കത്തിനാണ് വിരാമമാകുന്നത്. മലയാളിയുടെ സഹനശക്തി പരീക്ഷിച്ച സർക്കാർ അനിവാര്യമായ തകർച്ചയിലേക്ക് നീങ്ങുമ്പോൾ കേരളമെങ്ങും ആശ്വാസത്തിന്റെ നെടുവീർപ്പാണുയരുന്നത്.

നമ്മുടെ മേഖലയിലെ പരമപ്രധാനമായ ആവശ്യമുയർത്തി കേരളത്തിലെ സർക്കാർ ജീവനക്കാരും അധ്യാപകരും ദീർഘനാളായി തെരുവിലാണ്. പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ രൂപീകരിച്ച് രണ്ട് വർഷം പൂർത്തിയായിട്ട് പോലും ശമ്പള പരിഷ്കരണം ജീവനക്കാർക്ക് അനുഭവവേദ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ പെൻഷൻ ഇല്ലാതാക്കി തെരുവാധാരമാക്കിയ സർക്കാരിനെതിരെ നാം ഉയർത്തിയ സഹനസമരങ്ങളുടെ വിജയം കൂടിയാണിത്. ജീവനക്കാരുടെ പരമപ്രധാനമായ ആവശ്യങ്ങളുയർത്തികൊണ്ട് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ ആവിഷ്കരിക്കുന്ന പ്രക്ഷോഭ പരിപാടികളിൽ അസോസിയേഷനോടൊപ്പം അണിനിരക്കണമെന്ന് മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം
11.11.2015

അഭിവാദനങ്ങളോടെ,

**എം.എസ്. ബിജുക്കുട്ടൻ**
ജനറൽ സെക്രട്ടറി
visit: www.ksea.in

**കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ**

തിരുവാതിര 9946446848